പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3264

21.08.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>" പാറക്കൽ അബ്ദുല്ല<br>" സി.മമ്മൂട്ടി<br>ഡോ. എം. കെ. മുനീർ : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
| (എ) മോട്ടോർ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നാറ്റ്പാക്ക് (NATPAC) എന്തെങ്കിലും ശുപാർശകളോ, നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (എ) ജംഗ്ഷനുകളിലും, ഗതാഗത തിരക്ക് ഏറിയ നിരത്തുകളിലും അപകടങ്ങൾ പരമാവധി കുറക്കുന്നതിന് ആവശ്യമായ ഗതാഗത സുരക്ഷാ ഉപാധികൾ (സിഗ്നൽ ലൈറ്റുകൾ, അപായ സൂചക ലൈറ്റുകൾ, റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ, തെരുവ് വിളക്കുകൾ) യഥാവിധം നിർദ്ദേശിക്കുന്നതിനായി വിവിധ പഠനങ്ങൾ നടത്തുകയും റിപ്പോർട്ടുകൾ റോഡ് സുരക്ഷാ അതോറിറ്റി, ബന്ധപ്പെട്ട മറ്റ് ഡിപ്പോർട്ടുമെന്റുകൾ എന്നിവയ്ക്ക് നാറ്റ്പാക്ക് (NATPAC) നൽകി വരുന്നു.<br>ഭാവിയിലെ ഗതാഗത സാധ്യതകളും, പ്രശ്നങ്ങളും മുന്നിൽ കണ്ടുകൊണ്ട് 'ട്രാൻസ്പോർട്ട് വിഷൻ 2030', 'കേരള റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ 2025', നാഷണൽ ട്രാൻസ്പോർട്ട് പോളിസിയിലെ പ്രസക്ത ഭാഗങ്ങൾ എന്നിവ പഠിച്ചുകൊണ്ട് കേരള സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ 'കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി പോളിസി' വിഭാവനം ചെയ്തിട്ടുണ്ട്. ശാസ്ത്രീയവും സുരക്ഷിതവുമായ ഒരു ഗതാഗത സംസ്കാരം വളർത്തിയെടുക്കുന്നതിനായി സ്കൂൾ തലം മുതൽ സീനിയർ സിറ്റിസൺ വരെയുള്ള ജനവിഭാഗത്തിനായി വിഭാവനം ചെയ്തിട്ടുള്ള ബോധവത്കരണ പരിപാടികൾ തുടർച്ചയായി നടത്തി വരുന്നുണ്ട്. റോഡു സുരക്ഷയിൽ 120 ഓളം പ്രസിദ്ധീകരണങ്ങൾ കേരള റോഡു സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ അച്ചടിച്ച് പ്രതിവർഷം വിതരണം ചെയ്തു വരികയും, റോഡു സുരക്ഷാ വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ, അപകട സ്വഭാവം ഉള്ള ചരക്കുകൾ കൊണ്ടുപോകുന്ന വാഹനങ്ങൾ കൈകാര്യം |

ചെയ്യുന്ന ഡ്രൈവർമാർക്കുള്ള പ്രത്യേക സർട്ടിഫിക്കേഷൻ കോഴ്സ്, ആംബുലൻസ് ഡ്രൈവേഴ്സ്, ടിപ്പർ, ആട്ടോറിക്ഷാ ഡ്രൈവേഴ്സ്, യുവ ഇരുചക്രവാഹന യാത്രികർ എന്നിവർക്കുള്ള സുരക്ഷാധിഷ്ഠിത ട്രെയിനിംഗ് പ്രോഗ്രാമുകളും നടത്തി വരുന്നുണ്ട്.

(ബി) പ്രധാന നഗരങ്ങളിലെ റോഡുകൾ നിലവിലെ വാഹനഗതാഗതം ഉൾക്കൊള്ളാൻ അപര്യാപ്തമാണെന്ന വസ്തുത പരിഗണിച്ച് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) നഗരങ്ങളിൽ വർദ്ധിച്ച വരുന്ന സ്വകാര്യവാഹനങ്ങളുടെ എണ്ണം നിയന്ത്രിച്ച് ഉപഭോക്താക്കളെ പൊതുഗതാഗത സംവിധാനങ്ങളിലേക്ക് ആകർഷിക്കുന്നതിനായുള്ള നടപടികൾക്ക് നാറ്റ്പാക് ശുപാർശ ചെയ്തിട്ടുണ്ട്. പ്രധാന നഗരങ്ങളിൽ കൂടുതൽ പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിലും മെച്ചപ്പെട്ട റോഡ് സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും വിവിധ ഡിപ്പോർട്ട്മെന്റുകൾക്കു വേണ്ടിയുള്ള (PWD, KRSA) പഠനങ്ങൾ നാറ്റ്പാക് (NATPAC) ശുപാർശ ചെയ്തിട്ടുണ്ട്.

(സി) കാൽനടയാത്രികരുടെയും സൈക്കിൾ യാത്രികരുടെയും സുരക്ഷയ്ക്ക് റോഡുകളിൽ അവശ്യ സംവിധാനമൊരുക്കാൻ നിർദ്ദേശം നൽകുമോ?

(സി) കാൽനടയാത്രക്കാർക്കായി മെച്ചപ്പെട്ട നടപ്പാതകളും ജംഗ്ഷനുകളിൽ ഐലന്റുകളും ട്രാഫിക് സിഗ്നലുകളിൽ ക്രമീകരണങ്ങളും കൂടുതൽ യാത്രക്കാർ ഉള്ള സ്ഥലങ്ങളിൽ സീബ്രാ ക്രോസിംഗുകളും സൈക്കിൾ ട്രാക്കുകളും നിർമ്മിക്കാനുള്ള ശിപാർശ, പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലേക്കായി തയ്യാറാക്കിയ Comprehensive Mobility Plan (CMP) പ്രകാരം നാറ്റ്പാക് (NATPAC) ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് അടക്കമുള്ള വിവിധ ഡിപ്പോർട്ടുമെന്റുകൾക്കും ഇത്തരം ശുപാർശകൾ ഇതിനോടകം തന്നെ NATPAC നൽകിയിട്ടുണ്ട്.

SR[signature]

സെക്ഷൻ ഓഫീസർ